# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 285 | 03/04/2013-ൽ മറുപടിയ്ക്ക്

## ' നമുക്കും ഒരു പച്ചക്കറിത്തോട്ടം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, എ. റ്റി. ജോർജ്<br>,, ഷാഫി പറമ്പിൽ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 'നമുക്കും ഒരു പച്ചക്കറിത്തോട്ടം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) വീട്ടുവളപ്പിലേയും മട്ടുപ്പാവിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും കൃഷിക്കനുയോജ്യമായ പാഴ് സ്ഥലങ്ങളിലേയും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശലക്ഷ്യം. അത്യുൽപാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ മേൽത്തരം വിത്തുകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക, തരിശ് നിലങ്ങളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കകെ, നിലവിലുള്ള സാങ്കേതിക വിദ്യകൾ പ്രാദേശിക അടിസ്ഥാനത്തിൽ പരീക്ഷിക്കുക, കേരളത്തിന്റേതായ തനത് പഴം പച്ചക്കറി സംസ്കരണവും മൂല്യവർദ്ധനവും വഴി തൊഴിൽ അവസരങ്ങളും വരുമാന ലഭ്യതയും ഉറപ്പാക്കുക, കർഷക പങ്കാളിത്തത്തോടെ പുഴയോരങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക, കേരളത്തിന്റെ തനതായ പച്ചക്കറികളുടേയും ചിരസ്ഥായിയായ പച്ചക്കറികളുടേയും സംരക്ഷണം, വീട്ടുവളപ്പിലും മട്ടുപ്പാവിലും പച്ചക്കറിത്തോട്ടം തയ്യാറാക്കുക, സ്കൂളുകളിൽ പോഷകത്തോട്ടം തയ്യാറാക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| സി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; | സി) മൂന്ന് വർഷം കാലാവധിയുള്ള പദ്ധതിയിൽ (2010-11 മുതൽ 2012-13 വരെ) താൽപര്യം കാണിച്ച് സർവ്വകലാശാലയെ സമീപിക്കുന്ന |

| | | | |
|---|---|---|---|
| | | | കർഷകർക്കും, വീട്ടമ്മമാർക്കും, യുവാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടിയാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സംസ്ഥാന കൃഷിവകുപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൗൺസിൽ കേരളം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ, ഹരിത സംഘങ്ങൾ, കാർഷിക ക്ലബുകൾ, സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് സർവ്വകലാശാല ഈ പദ്ധതി നടപ്പിലാക്കിയത്.<br>മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ കേരളത്തിലുടനീളമായി 6500 ഓളം പങ്കാളികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇവർക്കുവേണ്ടി എല്ലാ ജില്ലകളിലുമായി 160 ഓളം ഏകദിന പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും പച്ചക്കറിത്തോട്ടം ഒരുക്കുന്നതിനു വേണ്ടിയുള്ള വിത്തും, ജൈവവളവും ജൈവകീടനാശിനിയും ഫിറമോൺ കെണിയും കൃഷിമുറകളെ വിശദീകരിക്കുന്ന ലഘുലേഖകളും സൗജന്യമായി നൽകുവാൻ സാധിച്ചു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**